# 2

# പിതാവിന്റെ ശക്തിയായി പുത്രൻ

ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമെന്നു മനസ്സിലാക്കുവാൻ നാം കുറെ സമയം എടുത്തു. ദൈവത്തിന്റെ സൃഷ്ടിയിലെ ജ്ഞാനം യേശുവിൽ പ്രതിഫലിച്ചിരിക്കുന്നു. സൃഷ്ടിയിലെ ദൈവജ്ഞാനത്തെക്കുറിച്ചു പഴയ നിയമ ദൈവ പുരുഷന്മാർ പറഞ്ഞിട്ടുണ്ടെങ്കിലും "ദൈവത്വത്തിലെ രണ്ടാമത്തെ വ്യക്തി" യെ കുറിച്ചു അവർ പറഞ്ഞിട്ടില്ല. നേരെ മറിച്ചു, പുതിയ നിയമത്തിൽ, ഒന്നുകിൽ അന്തർലീനമായിട്ടോ അല്ലെങ്കിൽ ഉറപ്പിക്കുന്നതോ ആയ രീതിയിൽ *ക്രിസ്തു ദൈവജ്ഞാനമായി കാലത്തിനു മുമ്പെ ഉണ്ടായിരിക്കയും സൃഷ്ടിത്വത്തിൽ പങ്കുചേരുകയും ചെയ്തു എന്നു പറയുന്നത്.*

ഇപ്പോൾ നാം പുത്രനായ ദൈവത്തിന്റെ മറ്റൊരു മേഖലയെകുറിച്ചു പഠിക്കുവാൻ പോകുകയാണ്. സൃഷ്ടിക്കു മുമ്പു അല്ലെങ്കിൽ ബേത്ത്ലഹേമിലെ ജനനത്തിനു മുൻപു, ക്രിസ്തു ദൈവ വചനമായിരുന്നു എന്നതിലേക്കാണ് നാം തിരിയുന്നത്. നമ്മുടെ കഴിഞ്ഞ പാഠത്തിലേപോലെ, പുതിയ നിയമത്തിലെ വിശ്വസനിയ വേദഭാഗത്തിലേക്കു നമുക്കു തിരിയാം. സൃഷ്ടിയിലെ ദൈവ വചനത്തെകുറിച്ചു, മതിയായ വിവരത്തോടുകൂടി പഴയ നിയമത്തിൽ പോയി ആ വിഷയത്തെ കുറിച്ചുള്ള ഉപദേശം നോക്കാം.

### പുതിയ നിയമ ഉപദേശം

ദൈവം ലോകത്തിലേക്കു പെട്ടെന്നു വരുന്നതായി പ്രഖ്യാപിക്കുന്നവയാണ് മത്തായിയുടേയും ലൂക്കൊസിന്റേയും സംക്ഷിപ്ത സുവിശേഷങ്ങൾ[1]. യേശു എന്ന ശിശുവിനെ ഇമ്മാനുവേലായി മത്തായി തിരിച്ചറിയുന്നുണ്ട്; അതായതു, "ദൈവം നമ്മോടുകൂടെ." ലൂക്കൊസ് അവനെ കുറിച്ചു "ദൈവ പുത്രൻ" എന്നാണ് പറഞ്ഞത്. പരിശുദ്ധാത്മാവിനാലാണ് ക്രിസ്തുവായ – ശിശു കന്യക മറിയ ഗർഭം ധരിച്ചത് എന്നു രണ്ടു പുസ്തകവും പറയുന്നു (മത്തായി 1; ലൂക്കൊസ് 1).

**“ആദിയിൽ”**

വ്യത്യസ്ത സമീപനമാണ് യോഹന്നാന്റെ സുവിശേഷത്തിലുള്ളത്. ഈ പ്രസ്താവന (1:1–18) യേശുവിന്റെ ജനനത്തെ വിശദമാക്കുന്നതല്ല. മത്തായിയും ലൂക്കൊസും നല്കുന്ന വംശാവലി ഇല്ല (മത്തായി 1; ലൂക്കൊസ് 3). പകരം, ആദ്യത്തെ പ്രസ്താവന തന്നെ മനസ്സിനെ ഏതാണ്ട് അമ്പരപ്പിക്കുന്താണ്! യോഹന്നാൻ 1:1 തുടങ്ങുന്നതുതന്നെ: “ആദിയിൽ”[2] എന്ന കാലത്തിനപ്പുറത്തേക്കു പ്രതിധ്വനിക്കുന്ന പ്രയോഗമാണ് പെട്ടെന്ന് നമുക്ക് ഓർമ്മ വരുന്നതു ഉല്പത്തി 1:1 ആണ്.[3]

“ആദിയിൽ” എന്ന പ്രയോഗം നമുക്കു വീണ്ടും വീണ്ടും പറയാം. അങ്ങനെ ചെയ്താൽ, ഒരു ചോദ്യം ഉടനെ ഉയരും: “എന്തിന്റെ ആദി?” ഉല്പത്തി 1:1 ഉം യോഹന്നാൻ 1:1 ഉം മാത്രമെ ബൈബിളിൽ ഉണ്ടായിരുന്നുള്ള എങ്കിൽ അതു ദൈവത്തിന്റെ ആരംഭത്തെയാണ് സംസാരിക്കുന്നതു എന്നു നാം ചിന്തിച്ചേനെ. എങ്ങനെയായാലും, ദൈവത്തിന്റെ നിത്യമായ അസ്തിത്വം തിരുവെഴുത്തിലെ ഒരു മുഖ്യ വിഷയമാണ്. അതുകൊണ്ടു, *ഈ സമയത്തു ബൈബിളിലെ ഒരു വ്യാഖ്യാന രീതി നമുക്ക് പ്രയോഗിക്കാം: ബൈബിളിലെ പ്രസിദ്ധിയില്ലാത്ത ഒരു വേദഭാഗത്തെ അതേ വിഷയത്തെ കുറിച്ചു തുറന്നു വ്യക്തമായി പറയുന്ന വേദഭാഗം വൈപരീത്യമുണ്ടാകുന്ന രീതിയിൽ വ്യാഖ്യാനിക്കരുത്.* അതുകൊണ്ടു നാം “ആദിയിൽ” എന്നതു ഉല്പത്തി 1:1 ഉം യോഹന്നാൻ 1:1 ഉം സൂചിപ്പിക്കുന്നതു ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവൃത്തിയാണ്, അല്ലാതെ അസ്തിത്വത്തെയല്ല. അതുകൊണ്ട് “ദ” എന്നതു ഇംഗ്ലീഷ് തർജ്ജിമകളിൽ ചേർത്തതാണ്.

ഉല്പത്തി 1:1 പറയുന്നു, “ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” ഇതു സൃഷ്ടിയെ സംബന്ധിച്ച കവർ പ്രസ്താവനയാണ്. അതിനെ തുടർന്നു സൃഷ്ടിപ്രവർത്തികൾ വെളിപ്പെടുത്തുന്നു. എങ്ങെയായാലും, സൃഷ്ടിത്വ നടപടിയിൽ ദൈവത്തിന്റെ *ബന്ധം* നാം ശ്രദ്ധക്കണം, സൃഷ്ടി മുഴുവനും സകലവും - ഉൾപ്പെടുന്ന ആ ബന്ധം കാണുന്നുണ്ട്.

ക്രസ്തു സൃഷ്ടിത്വത്തിൽ ചെയ്തതു മനോഹരമായ യോഹന്നാൻ 1:1–3 വരെയുള്ള പ്രസ്താവനയിലുണ്ട്:

> ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു, അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു, സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല.

വചനം ദൈവം *ആയിരുന്നു*: വചനം ദൈവത്തോടു *കൂടെ* ആയിരുന്നു. സകലവും അവൻ *മുഖാന്തരം* സൃഷ്ടിച്ചു. ഇവിടെ ബന്ധം, തിരിച്ചറിയൽ, പ്രവൃത്തി എന്നിവയുണ്ട്. ഈ അമർത്തിയ പ്രസ്താവനയിൽ, ഒരു വിരോധാഭാസമുണ്ട്: ദൈവത്തിന്റെ ലാളിത്വത്തിനു ചുറ്റു സങ്കീർണ്ണതയുണ്ട്.

**ലോഗോസ്**[4]

സൃഷ്ടിയുടെ ആരംഭത്തിൽ *ലോഗോസ്* (വചനം) ഉൾപ്പെട്ടിരുന്നു. സൃഷ്ടി ആരംഭിച്ചപ്പോൾ, അവിടെ വചനം ഉണ്ടായിരുന്നു. സൃഷ്ടി ആരംഭിക്കുന്നതിനു *മുൻപു* തന്നെ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുന്നു. ഒരു ആശാരി വീടു പണിയുന്നതു സംബന്ധിച്ച് *ആദ്യം അവിടെ* പോകാതെ നിർവ്വാഹമില്ലല്ലൊ? വചനത്തിന്റെ മുൻ അസ്തിത്വം വളരെ വ്യക്തമാണ്. കൂടാതെ, വചനം ദൈവത്തോടു *കൂടെ* ആയിരുന്നു. ഇതു ബന്ധത്തെയാണ് സംസാരിക്കുന്നത്[5] മുൻ അസ്തിത്വത്തിലുള്ള വചനം സൃഷ്ടിയിൽ ആരുമായുള്ള ബന്ധത്തിൽ ആയിരുന്നു? എബ്രായർ 12 പറയുന്നു, "... [ദൈവം] തന്റെ പുത്രൻ മുഖാന്തരം നമ്മോടു സംസാരിച്ചു; ... അവൻ മുഖാന്തരം ലോകത്തെയും സൃഷ്ടിച്ചു" (കൂടാതെ എബ്രായർ 2:9 ഉം നോക്കുക). ഇവിടെ, പിന്നെ, അവതാരണത്തിനു മുൻപു തന്നെ പിതാവു/പുത്രൻ ബന്ധം ഉണ്ടായിരുന്നു. പിന്നീട്, പുത്രനെ അവതാരമായി വീണ്ടെടുത്തു പ്രവൃത്തിയുമായി നാം കാണുന്നു. എങ്ങനെയായാലും, ദൈവത്തിന്റെ അസ്തിത്വം പിതാവായും പുത്രനായും ഉള്ളതു നിത്യം ആകയാൽ അതുകൊണ്ട് അവതാരത്തിൽ ആശ്രയിച്ചല്ല ഇരിക്കുന്നത്.

എബ്രായർ 1:2 ലെ പ്രസ്താവനയായ – "[ദൈവം] തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു" എന്നതിന്റെ അർത്ഥം വചനം, അവന്റെ മുൻ അസ്തിത്വത്തിൽ, തീർച്ചയായും ദൈവം ആയിരുന്നോ? ദൈവത്തോടുകൂടെ പുത്രത്വം ദൈവമാണോ? ഉത്തരം സന്ദർഭത്തെ ആസ്പദമാക്കിയിരിക്കും. ഉദാഹരണത്തിനു, റോമർ 9:26-ൽ പൗലൊസ് ഹോശേയ 1:10 ഉദ്ധരിച്ചിട്ടുണ്ട്. അതു ദൈവം ജനം "ജീവനുള്ള ദൈവത്തിന്റെ മക്കൾ,'' എന്നു ഉപദേശിക്കുന്നതിനാണ്. ഈ പ്രസ്താവനകളിൽ നിന്നും ദൈവ "മക്കൾ" ദൈവം ആണെന്നു ആരും പറയുകയില്ലല്ലൊ.

എങ്ങനെയായാലും, ദൈവത്തിന്റെ പുത്രൻ, അവതാരത്തിനു മുൻപു വചനമായിരുന്നു, ദൈവം ആയിരുന്നു എന്നതിൽ സംശയം ഉണ്ടെങ്കിൽ, നാം എബ്രായർ 1:8 വായിക്കുകയാണ് വേണ്ടത്: "എന്നാൽ പുത്രനോടോ അവൻ [ദൈവം] പറയുന്നു, 'ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുള്ളത്.''' എബ്രായ ലേഖത്തിലെ ഈ വാക്യം, മറ്റു വാക്യങ്ങളെപോലെ, പഴയ നിയമത്തിലെ ഉദ്ധരണിയാണ്. ഇതു സങ്കീർത്തനങ്ങൾ 45 (വാ. 6) ആണ്. ഇതു എബ്രായ രാജാവും രാജകുമാരിയും തമ്മിലുള്ള വിവാഹഘോഷ സങ്കീർത്തനമാണ്. ഈ സങ്കീർത്തനത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന മൂന്നു വസ്തുതകൾ നമ്മുടെ ചിന്തക്ക് എടുക്കാം: (1) രാജാവു ദാവീദിന്റെ വാഴ്ച്ചയിലേതാണ്. (2) ദാവീദിനും അവന്റെ പിൻഗാമികളിലും ഇതിന്റെ ഭാഗിക നിറവേറലേ സങ്കീർത്തനക്കാരൻ കാണുന്നുള്ളു. (3) പുതിയ നിയമ എഴുത്തുകാരനാൽ മശിഹയെ സാധിക്കുന്നതു കൊണ്ടുവരുന്നതു അമ്പരപ്പിക്കുന്ന ഫലത്തോടെയാണ്! എബ്രായ പുസ്തകത്തിൽ സങ്കീർത്തനങ്ങൾ 45:6, 7 പ്രായോഗികമാക്കുന്നത്. ദാവീദിന്റെ രാജകിയ വംശത്തിലുള്ള നിറവേറലാണ് – മശിഹ. പിതാവായ ദൈവം അതു

വ്യക്തിപരമായി ബംബോധന ചെയ്യുന്നു (വാ. 5), പുത്രനോട് (വാ. 8), അവനെ ദൈവം (ഡീയിറ്റി) എന്നു വിളിച്ചിരിക്കുന്നു)![6]

അതുകൊണ്ട്, യോഹന്നാൻ 1:1-3-ൽ പറഞ്ഞിരിക്കുന്ന ദൈവവും വചനവും വാസ്തവത്തിൽ പിതാവു/പുത്രൻ ബന്ധമാണ്. പിതാവും അവതാരത്തിനു മുൻപുള്ള പുത്രനും ദൈവമായി തീരുവാൻ അത്ഭുത ആവശ്യമായിരുന്നു. അതുകൊണ്ട്, ലോകസൃഷ്ടിയെ കുറിച്ചുള്ള എല്ലാ ബൈബിൾ വേദഭാഗത്തും ദൈവത്തിന്റെ നിത്യ പിതാവ്/പുത്രൻ ബന്ധം അന്തർലീനമായിരിക്കുന്നു. യോഹന്നാൻ എഴുതിയതുപോലെ, വാസ്തവത്തിൽ, "വചനം [ലോഗോസ്] ദൈവം ആയിരുന്നു ... സകലവും അവർ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു, ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല."

സകലവും ദൈവശക്തിയാൽ സൃഷ്ടിക്കപ്പെട്ടു എന്ന വസ്തുത പുതിയ നിയമത്തിൽ ഉടനീളം നമ്മെ ബോധ്യപ്പെടുത്തുന്നു. എങ്ങെയായാലും, *ഈ ശക്തി പ്രകടമാക്കിയിരിക്കുന്നതു പൂർണ്ണമായും തിരിച്ചറിയുന്നതു ലോഗോസ് മുഖാന്തരമാണ് - പുത്രന്റെ മുൻ അസ്തിത്വം, പുത്രനായ ദൈവം, പിന്നീട് അവതാരമായി - മുൻപന്തിയിലേക്കു വരുന്നതു യോഹന്നാന്റെ എഴുത്തുകളിലൂടെയാണ്,* അതു പുതിയ നിയമം പൂർണ്ണമാക്കുന്നു. ഈ വളർച്ചയുടെ കാഴ്ച്ച വീണ്ടും വരുന്നതു താഴെ കാണാം:

സൃഷ്ടി ദൈവത്തിന്റെ പ്രവൃത്തിയായിട്ടാണ് മർക്കൊസിന്റെ സുവിശേഷത്തിൽ നാം കാണുന്നത് (മർക്കൊസ് 10:6; 13:19). ദൈവം സകലവും സൃഷ്ടിച്ചതായി സഭയുടെ ആദ്യകാലത്തു ശിഷ്യന്മാർ തിരിച്ചറിഞ്ഞരുന്നു (പ്രവൃത്തികൾ 4:24). പൗലൊസ് 1 കൊരന്ത്യർ എഴുതിയപ്പോൾ, അവൻ ദൈവത്തെ പിതാവായിട്ടാണ് പറഞ്ഞിരിക്കുന്നത്, യേശു ക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്, "അവൻ മുഖാന്തരം സകലവും," "അവൻ മുഖാന്തരം നാകും ആകുന്നു" (1 കൊരിന്ത്യർ 8:6). *ലോഗോസ്* (വചനം) എന്നു പറയുന്നില്ല. റോമാലേഖനത്തിൽ, പൗലൊസ് സകലവും ദൈവത്തിൽ നിന്നു ദൈവത്തിലേക്കു എന്നു ദൈവസ്തുതി ആയി പ്രകടിപ്പിക്കുന്നുണ്ട് (റോമർ 11:36). പിന്നീട് എഫെസ്യലേഖനത്തിൽ "ദൈവം, എല്ലാം സൃഷ്ടിച്ചു എന്നാണ് പറയുന്നത്" (എഫെസ്യർ 3:9). കൊലൊസ്യ ലേഖനത്തിൽ പുത്രനെ ദൈവത്തിന്റെ പ്രതിമയായിട്ടാണ് പറഞ്ഞിരിക്കുന്നത്. അവൻ ദൈവത്തിന്റെ ആദ്യ - ജാതൻ; സൃഷ്ടിയെ മുൻ തീയതി വെച്ചു പറഞ്ഞു, അതിന്മേൽ പരമാധികാരം ഉള്ളതായും അതിനെ വഹിക്കുന്നതായും കൊലൊസ്യർ 1:15-17 പറയുന്നു,

> അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടിക്കും ആദ്യ - ജാതനും ആകുന്നു, സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതു സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ച്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ - സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരുന്നു.

സൃഷ്ടിയിൽ ദൈവപുത്രന്റെ പങ്ക്, സ്ഥലം, വ്യക്തി എന്നിവ ഒരു ചിത്രത്തിലേറെ വോലെ ഈ വേദഭാഗം വിശമാക്കുന്നു. ദൈവശക്തി ഇവിടെ ചിത്രമെന്നപോലെ ശ്വാസം അടക്കി നോക്കുവാൻ കാണിച്ചിരിക്കുന്നു – മറ്റു വേദഭാഗങ്ങളിലും ദൈവം തന്റെ പുത്രൻ മുഖാന്തരം കല്പിച്ചതിനാലാണ്, സൃഷ്ടി നടന്നതു എന്നു കാണാം, അവന്റെ ശക്തമായ വചനം, സകലത്തെയും തുടർച്ചയായി വഹിച്ചു കൊണ്ടിരിക്കുന്നു.

> ദൈവം പണ്ടുഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിചെയ്തിരിക്കുന്നു, അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു. അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി, അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൻ വഹിക്കുന്നവനും ആകകൊണ്ട്, പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കുന്നു (എബ്രായർ 1:1–3).
>
> ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ, നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു (എബ്രായർ 11:3).
>
> ആകാശവും വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായ ഭൂമിയും, പണ്ടു ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നു അവർ മനസ്സോടെ മറന്നു കളയുന്നു (2 പത്രൊസ് 3:5).

യോഹന്നാന്റെ സുവിശേഷത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന ലോഗോസ് എന്ന ആശയം വിവരിക്കുന്ന ഈ വേദഭാഗം വായിക്കുവാൻ തോന്നുന്നു. എങ്ങനെയും, നാം പുതിയ നിയമം വായിക്കുവാൻ തുടങ്ങുമ്പോൾ, നാം *ആദ്യം* വായിക്കുന്നതു സുവിശേഷങ്ങളാണ്. *എങ്ങനെയായാലും, കാലനുക്രമമായി നോക്കുമ്പോൾ പുതിയ നിയമത്തിൽ അവസാനമായി എഴുതപ്പെട്ടതു യോഹന്നാൻ എഴുതുകയാണ്.*

പുതിയ നിയമം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ചു യോഹന്നാന്റെ ഭയങ്കര പ്രഖ്യാപനം വരുന്നതുവരെ ദൈവത്തിന്റെ അത്യുജ്ജ്വലമായ സൃഷ്ടിപ്രവൃത്തികൾ വെളിപ്പെടുത്തിയിരുന്നില്ല. *ലോഗോസ്*/വചനം, മുൻ അസ്തിത്വത്തിലായിരുന്ന പുത്രൻ, പുത്രനായ ദൈവം, പിന്നീട് അവതാരമായി പിതാവായ ദൈവത്തിന്റെ ശക്തിയാൽ ഊർജ്ജവൽക്കരിച്ചു. *ഈ ലോഗോസ്/വചനം മുൻപു ഇല്ലാതിരുന്ന ഒരു പ്രപഞ്ചത്തെ കൊണ്ടുവന്നു, അതെല്ലാം ദൈവശക്തിയുടേയും ജ്ഞാനത്തിന്റേയും പൂർണ്ണമായ കാഴ്ച്ചയായിരുന്നു.*

## പഴയ നിയമ ഉപദേശം

പഴയ നിയമം നോക്കുമ്പോൾ നാം ഉയർന്ന നേട്ടമുള്ള ആളുകളാണ്. നമുക്കു വേണ്ടി മൂടുപടം മാറ്റി. ഒരിക്കൽ സ്പഷ്ടമല്ലാതിരുന്ന പഴയ നിയമത്തിലെ പലഭാഗങ്ങളും ആദ്യ വചനക്കാർക്കു വളരെ മങ്ങി മാത്രമേ കാണാമായിരുന്നുള്ളു,[7] പുതിയ നിയമ വെളിപ്പാട് അതിനു പുറമെ നല്കിയതുകൊണ്ടാണ് നമുക്ക് ഇതു സാധ്യമാണ്. പുരാതന എബ്രായർ വിവേചിക്കുക പഴയ നിയമത്തിലെ പ്രവചനവേദഭാഗങ്ങൾ നമുക്കു കാണാൻ കഴിയുന്നുണ്ട്.

സൃഷ്ടിപരമായ ദൈവത്തിന്റെ ശക്തി, പഴയ നിയമം സ്ഥിരതയോടും ആഴമേറിയ ഉൾക്കാഴ്ച്ചയോടും സംസാരിക്കുന്നുണ്ട്. സങ്കീർത്തനത്തിൽ, സൃഷ്ടിപരമായ അവന്റെ പ്രവൃത്തിക്കു നിത്യനായ വ്യക്തിയായി ദൈവത്തെ സ്തുതിക്കുന്നുണ്ട് (സങ്കീർത്തനങ്ങൾ 90:2; 102:25-27). പ്രവചന സാഹിത്യത്തിൽ, ദൈവത്തെ അത്യുൽകൃഷ്ടമായ സൃഷ്ടികർത്താവു മാത്രമാണ് വാഴുന്നതും അതിൽ ഉൾപ്പെട്ടിരിക്കുന്നതും. അവന്റെ സൃഷ്ടിത്വത്തിൽ സകല മനുഷ്യരും ഉൾപ്പെടുന്നു (യെശയ്യാവു 40:21-26; 44:24; 45:12; യിരെമ്യാവു 10:16).

മഹത്വം നിറഞ്ഞതാണ് പഴയനിയമത്തിലെ യാഹേവേ എന്ന ആശയം ദൈവം സർവ്വ - ശക്തനും, പരമോന്നതനും, ഉൽകൃഷ്ടനും, അന്തർലീനമായിരിക്കുന്നവരും തന്റ സൃഷ്ടിയെ സംബന്ധിച്ചു, പ്രത്യേകിച്ചു മനുഷ്യരെ കരുതുന്നവനുമാണ്. ഉല്പത്തി 1:; 2-ൽ സൃഷ്ടിത്വ വിവരങ്ങൾ നാം വായിക്കുമ്പോൾ നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവൃത്തികളെ ഉയർത്തി എടുത്തിരിക്കുന്നത് നിയമപരമാണോ? തീർച്ചയായും അതെ.

ദൈവം ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു പറഞ്ഞുകൊണ്ടാണ് ഉല്പത്തി ആരംഭിക്കുന്നത്. ഇതു സ്പഷ്ടമായും ഒരുതരം മൂടപ്പെട്ട, എല്ലാം മറച്ചു വെച്ച പ്രസ്താവനയാണ്. ഭൂമി ശൂന്യമായിരുന്നപ്പോൾ ആകാശത്തിൻ മീതെ ഇരുളായിരുന്നു, വെള്ളത്തിന്മീതെ ദൈവത്തിന്റെ ആത്മാവു പരിവർത്തിച്ചുകൊണ്ടിരുന്നു, വെളിച്ചം ഉണ്ടായതും ദൈവത്താലത്രെ. അവസാനം "നമുക്കു നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്ക, നമ്മുടെ സ്വരൂപത്തിൽ; ..." എന്നു പറയുന്നതുവരെ സൃഷ്ടി തുടരുന്നതായി വെളിപ്പെടുത്തിയിരിക്കുന്നു (ഉല്പത്തി 1:26, 27). വിവരണത്തിന്റെ വിശാലതയും ചുരുക്കവും ഉല്പത്തി 2:4-25 വരെയുണ്ട്, എന്നാൽ ദൈവം മനുഷ്യരെ സൃഷ്ടിച്ചതിന്റെ കൂടുതൽ വിവരങ്ങൾ ഉല്പത്തി 2:7, 21, 22 എന്നീ വേദഭാഗത്തുണ്ട്.

ഇന്നു നമുക്കു കിട്ടിയിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ ക്രമം വിശദമായി മോശെക്കു എങ്ങനെ എഴുതുവാൻ കഴിഞ്ഞു എന്നു നമുക്ക് ഊഹിക്കേണ്ടതായിട്ടില്ല. കാരണം മോശെ എഴുതിയതു ദൈവത്തിന്റെ വെളിപ്പാട് മാത്രമാണ്. പ്രപഞ്ചസൃഷ്ടിയിൽ പിതാവായ, ദൈവവും പുത്രനായ ദൈവവും, ആത്മാവായ ദൈവവും ഉൾപപ്പെട്ടിരിക്കുന്നതായി അവനു വെളിപ്പെടുത്തികൊടുത്തോ? ഉല്പത്തി 1:1, 2-ൽ ദൈവത്തെ (എലോഹിം) ദൈവത്തിന്റെ ആത്മാവിനെ (റുവാ എലോഹിം) എന്നു

പ്രത്യേകമായി പറഞ്ഞിരിക്കുന്നു ദൈവത്തിന്റെ ആത്മാവും ഉൾപ്പെട്ടിരുന്നു എന്നു മറ്റു വിവരണങ്ങൾ നല്കുന്നുണ്ട് (ഇയ്യോബ് 33:4; സങ്കീർത്തനങ്ങൾ 104:30). ദൈവികത്വത്തെക്കുറിച്ചുള്ള മോശയുടെ ആശയത്തെ മനസ്സിലാക്കുവാൻ നമുക്കു മൂന്നു ചോദ്യങ്ങളിലേക്കു തിരിയാം.

ദൈവത്തിനു 'എലോഹിം' എന്ന ബഹുവചന നാമം ഉപയോഗിച്ചതിൽ "മോശെ ഒന്നിലധികം ദൈവത്തെ കണ്ടിരുന്നോ?" അതിനുള്ള ഉത്തരം ''ഇല്ല'' എന്നാണ്. പഴയമയിലെ എല്ലാ യിസ്രായേല്യരുടേയും വിശ്വാസത്തിന്റെ അടിസ്ഥാനം പ്രകടമാക്കിയതു മോശെയായിരുന്നു: "യിസ്രായേലേ, കേൾക്ക! യഹോവ നമ്മുടെ ദൈവം ആകുന്നു, യഹോവ ഏകൻ തന്നേ" (ആവർത്തന പുസ്തകം 6:4). ഈ വലിയ ഉറപ്പിൽ ചിത്രം വളരെ വ്യക്തമാണ്: ദൈവ നാമത്തിന്നു ബഹുവചന രൂപമാണ് മോശെ ഉപയോഗിക്കുന്നതെങ്കിലും, വാസ്തവത്തിൽ അവൻ പറയുന്നതു ദൈവം ഏകനാണ് എന്നത്രെ. കൂടാതെ ഉല്പത്തി വേദഭാഗം ഏകവചനക്രിയാരൂപമായ, 'ഹാരാ,' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം "അവൻ സൃഷ്ടിച്ചു" അതു ദൈവത്തിന്റെ സൃഷ്ടിത്വ പ്രവൃത്തിയെ വിവരിക്കുന്നു. ഇതു ഏക വചന ചിന്തയാണ് നല്കുന്നത്.

രണ്ടാമത്തെ ചോദ്യം ''നമ്മുടെ സാദൃശ്യത്തിൽ, നമ്മുടെ സ്വരൂപത്തിൽ നാം മനുഷ്യരെ ഉണ്ടാക്ക," എന്ന ബഹുവചന സർവ്വനാമ പപ്രസ്താവനയിൽ മോശെ ഒന്നിലധികം ദൈവത്തെ കാണുന്നുണ്ടോ? മോശെ ഏക ദൈവത്തിലാണ് വിശ്വസിച്ചിരുന്നത് എന്നു നാം കണ്ടതാണ്. പക്ഷെ ബഹുവചന സർവ്വനാമം ഉപയോഗിച്ചിരിക്കുന്നു അതിന്റെ *അർത്ഥം* മനസ്സിലാക്കുന്നതിൽ നാം വിഷമം നേരിടുകയാണ്, തന്നെ അനുവദിച്ച ഭാഷയിലും വെളിപ്പാടിലും അത്യുത്തമമായ ദൈവസ്വഭാവത്തെ മോശെ പ്രകടിപ്പിക്കുവാൻ, സാധ്യതയുണ്ട്.

മൂന്നാമത്തെ ചോദ്യം ഇതാണ്: "മോശെ, നാം പറഞ്ഞതുപോലെ മറ്റു ദൈവശ്വാസിയ എഴുത്തുകാരെപോലെ, തിരിച്ചറിഞ്ഞതിനേക്കാൾ അധികം പറയുന്നുണ്ടോ?" "ഉവ്വു" ദൈവികത്വത്തിൽ മൂന്നു വ്യക്തികൾ ഉള്ളതായി മോശെ പറയുന്നില്ലെങ്കിലും അതു പിന്നീടുള്ള വെളിപ്പാടുമായി യോജിപ്പിലെത്തി വ്യക്തിത്വങ്ങളിൽ മൂന്നും സത്തയ്യിൽ ഒന്നും ആയിട്ടാണ് ദൈവത്തെ കാണുന്നത്. അന്തിമ സത്യമായിട്ട്, ഉല്പത്തി 1:26ലെ ബഹുവചന രൂപത്തിൽ ദൈവത്തിന്റെ സമ്പൂർണ്ണതയെ വെളിപ്പെടുത്തിയിരിക്കുന്നു എന്നു തീർച്ചയാക്കാം. തീർച്ചയായും, അതു മറിച്ചു ആകുക പ്രയാസമാണ്.[8]

സൃഷ്ടിയിൽ ദൈവം മൊത്തമായി ഉൾപപ്പെട്ടിരുന്ന എന്നതാണ് ചുരുക്കം. അതായത്, അതിൽ പിതാവായ ദൈവവും, പുത്രനായ ദൈവവും (അവൻ അവതാരത്തിനു മുൻപു *ലോഗോസ്* ആയിരുന്നു), ആത്മാവായ ദൈവവും ഉൾപ്പെട്ടിരുന്നു.

കുറിപ്പുകൾ

[1]മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ പുസ്തകങ്ങളെ സിനോപ്റ്റിക് ഗോസ്പെൽസ് എന്നു വിളിച്ചിരുന്നു, കാരണം അവ യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും അവലോകനം നടത്തി അവതരിപ്പിക്കുന്നതാണ്. [2]എൻ അർച്ചേ "ഇൻ ധദപ ബിഗിനിങ്." [3]ബ്രേശിത്ത് = "ഇൻ ധദപ ബിഗിനിങ്" ആർട്ടിക്കിൾ "ദ" എന്നതു യോഹന്നാൻ 1:1 ലും ഉല്പത്തി 1:1 ലും ഇല്ല. "നഷ്ടപ്പെട്ടത്" എന്നു പറഞ്ഞില്ല; അതു മുൻപു ഉണ്ടായിരുന്നു എന്നു വരും. മൂലഭാഷയിൽ ആ വാക്ക് ഉപയോഗിച്ചിട്ടില്ല, തർജ്ജിമക്കാർ കൂട്ടിച്ചേർത്തതാണ്. [4]*ലോഗോസ്* എന്നതു "വചനം" എന്നതിന്റെ ഗ്രീക്ക് വാക്കാണ്. [5]*പ്രോസ്* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതു കുറ്റാരോപണമായിട്ടാണ്, അതിന്റെ പ്രാഥമികമായ അർത്ഥങ്ങൾ ‘‘അടുത്തുവരിക’’ അല്ലെങ്കിൽ ‘‘ബന്ധം’’ സൂചിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ *പ്രോസ് ടൺ തിയോൾ*, അർത്ഥം "ദൈവത്തോടുകൂടെ." [6]"ഇവിടെ മശിഹയെ വെറും ദൈവത്തിന്റെ പുത്രൻ എന്നുമാത്രമല്ല (വാക്യം 5) വാസ്തവത്തിൽ ദൈവം ആയിട്ടുതന്നെ ദാവീദിനും അവന്റെ പിൻഗാമിക്കും അതിന്റെ മുഴുവൻ അർത്ഥത്തിലും മനസ്സിലായിരിക്കാൻ സാധ്യതയില്ല ..." (എഫ്. എഫ് ബ്ര്യൂസ്, *ദ എപ്പിസ്റ്റൽ ടു ദ ഹീബ്രൂസ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്സ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964], 20). [7]ഈ പുസ്തകത്തിൽ പിന്നീടു കാണുന്ന "മറ്റുള്ളവർ യേശുവിനെ ദൈവമായി കണ്ടോ?" എന്ന ലേഖനം നോക്കുക. അതു ഈ പുസ്തകത്തിൽ പിന്നീടു കാണാം. [8]ഇവിടെ നാം നായസേഹ് എന്നു കാണുന്നതിന്റെ അർത്ഥം "നാം ഉണ്ടാക്ക" എന്നാണ്. ശ്രമത്തെ, അല്ലെങ്കിൽ ഊന്നൽ കാണിക്കുവാൻ എബ്രായ പുസ്തകത്തിൽ ഇതു ഉപയോഗിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ, ദൈവത്തിൽ നിന്നു താൽപര്യ പൂർവ്വമായ അധികാരത്തിൽ പിതാവായ ദൈവ പുത്രനായ ദൈവത്തോടും ആത്മാവായ ദൈവത്തോടും മനുഷ്യജീവിയെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കാമെന്നു പറയുന്നു.

---

## ലോഗോസ് എന്ന വാക്ക്

എന്തുകൊണ്ടാണ് യോഹന്നാൻ *ലോഗോസ്* എന്ന വാക്ക് ഉപയോഗിച്ചത്, അതിലും പ്രധാന്യമായി, അതിന്റെ അർത്ഥം എന്തുകൊണ്ട് ചുരുക്കി? പുതിയ നിയമത്തിൽ ഉപയോഗിക്കുന്നതിനു മുൻപു തന്നെ *ലോഗോസ്* എന്നതിന്റെ അർത്ഥം സമ്പുഷ്ടമാണ്. യാവന തത്വചിന്തകന്മാരെ ആകർഷിക്കുന്ന ആശയങ്ങൾ *ലോഗോസ്* എന്നതിൽ അന്തർലീനമായിട്ടുണ്ട്. നൂറ്റാണ്ടുകൾക്കു ശേഷം (ഏതാണ്ട് ബി.സി.300). സ്റ്റോയിസത്തിന്റെ അറിയപ്പെടുന്ന സ്ഥാപകനായിത്തീർന്നു കുപ്രൊസ്യകാരനായിരുന്ന സിനോ അദ്ദേഹത്തന്റെ അഥേനയിലെ സ്കൂളിൽ, പ്രപഞ്ചത്തിന്റെ കാരണമായി അദ്ദേഹം ലോഗോസ് കൂട്ടിച്ചേർത്തു - എല്ലാറ്റിന്റേയും ക്രമീകരണകാരണവും യോജിപ്പും. ലോഗോസുമായി ബന്ധപ്പെട്ട് ദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം തീ പുറപ്പെടുന്നതുപോലെയാണ്; ചിലപ്പോൾ ന്യൂമാ (ആത്മാവു) എന്നു പറഞ്ഞിരിക്കുന്നു അങ്ങനെ സതോയിക്കർ പ്രകൃതിയിൽ ഗേഗോസ് കാണുന്നത് ക്രമവും യുക്തിയും കാരണവും വാക്കുമായി പ്രകടിപ്പിച്ചിരിക്കുന്നതായിട്ടാണ്; വേദശാസ്ത്രത്തിൽ ആത്മാവു സ്വാഭാവികമായി എല്ലാം നൽകുകയും അതിനോടു എല്ലാം ബന്ധപ്പെട്ടിരിക്കയും ചെയ്യുന്നു.

ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ ലോകം ആദ്യമായി ക്രിസ്ത്യാനിത്വത്തെ കണ്ടു. ക്രിസ്തുവിലുള്ള പ്രത്യാശയുടേയും രക്ഷയുടേയും സുവാർത്ത യെരുശലേമിൽ തുടങ്ങി മദ്ധ്യധരണ്യാഴി പ്രദേശങ്ങളിലേക്കു വ്യാപിച്ചു. ആ നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി ദൈവ – ശ്വാസിയ പുരുഷന്മാർ വിശ്വാസം വപുലമാക്കി. കൊയ്നേ (സാധാരണ) ഗ്രീക്കിലുള്ള, ഈ എഴുത്തുകൾ ദൈവ സ്വഭാവം ആ ഭാഷ ഉപയോഗിച്ചു വിശദമാക്കുന്നു, മനുഷ്യർക്കായുള്ള അവന്റെ ഹിതം, പ്രവൃത്തി എന്നിവയും പരാമർശിക്കുന്നു.

ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ, ഫിലോ തന്റെ എഴുത്തുകളിൽ *ലോഗോസി*ന്റെ ആശയം യെഹൂദന്മാരുടെ ആയിരുന്നു ക്രിസ്ത്യാനികളുടേയും വേദശാസ്ത്ര ചിന്തയിലേക്കു തിരിഞ്ഞിരുന്നു. ഫിലൊ യവനഭാഷ അറിയാവുന്ന യെഹൂദ തത്വജ്ഞാനിയും വേദപണ്ഡിതനും മിസ്രയിമിലെ അലേക്സാന്ത്രിയയിൽ വളർത്തപ്പെട്ടതുകൊണ്ട്, അദ്ദേഹം പഴയ നിയമ തിരുവെഴുത്തുകളിൽ ചായ്വുണ്ടായിരുന്നു, ഗ്രീക്ക് ഫിലോസഫിയിലും പ്രാവിണ്യമുള്ളതായി അവന്റെ എഴുത്തു തെളിയിക്കുന്നു. യവന തത്വജ്ഞാന തത്വങ്ങളും സാദൃശ്യങ്ങളായും പഴയ നിയമത്തെ അദ്ദേഹം പുന:വ്യാഖ്യാനം നടത്തുകയുണ്ടായി, അതു അക്കാലത്തു ആധുനിക കാലത്തിലേക്കും കടന്നു. ചരിത്രഗതിയെ മാറ്റുന്ന അകാലത്തും ആധുനികകാലത്തും നയിക്കുന്നതാണ് ലോഗോസ് ദൈവികശക്തിയാൽ ചലിച്ചു അവസാനം ലക്ഷ്യ പ്രാപ്തിയിലെത്തും. അങ്ങനെ ലോഗോസിന്റെ ഫലം ഈ ലോകങ്ങളും മനുഷ്യർ അന്തിമമായി എത്തിച്ചേരുകയും ചെയ്യുന്നു.

---

കുറിപ്പുകൾ

[1]പ്രവൃത്തികൾ 17:18-ൽ സ്തോയിക്കരെയും എസ്ഥ്ഥീക്യൂര്യരെയും പരാമർശിച്ചപ്പോൾ വിശദമാക്കുന്നു. [2]പോൾ എഡ്വാർഡ്സ്, എഡി., *ദ എൻ സൈക്ലോപിഡിയെ ഓഫ് ഫിലൊസഫി* (ന്യൂയോർക്ക്: മക്മില്ലൻ കമ്പനി, 1967). ്. “സ്തോയിസിസ” വും സിറ്റിയംകാരനായ സിനോ ബൈ ഫിലിപ് പി. ഹാലി.

© 2009 Truth for Today